മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്) :

(എ) ക്ഷണിച്ചിരുന്നു.

(ബി) അതേ; ഇല്ല.

(സി) 1134.

(ഡി) ശരിയായി അപേക്ഷകൾ അയയ്ക്കാൻ സാധിക്കാത്തതുകൊണ്ടു്, അപേക്ഷകൾ സ്വീകരിക്കാനുള്ള അവസാനതീയതി 1959 മേയ് 15 വരെ നീട്ടിയിട്ടുണ്ടു്.

ശ്രീമതി കുസുമം ജോസഫ് : ആദ്യം സെൻറർ സ്സെസിഫൈ ചെയ്തിട്ടില്ലാത്തവർ വീണ്ടും അപേക്ഷിക്കുമ്പോൾ 5 രൂപാ ചെല്ലാൻ സഹിതം അപേക്ഷിക്കണമെന്നുണ്ടോ ?

ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് : അതിനെപ്പറ്റി കടലാസ്സിൽ ഒന്നും കാണുന്നില്ല.

ശ്രീമതി കുസുമം ജോസഫ് : മേയ് 15-ന ശേഷം രണ്ടാമതും ചെല്ലാൻ ഒട്ടിക്കി അപേക്ഷിക്കണമെന്നു വന്നാൽ, സാധുക്കളായ വിദ്യാർത്ഥികൾക്കു ബുദ്ധിമുട്ടാണെന്നുള്ളതിനെ പരിഗണിച്ചു് ഈ കാര്യം പുനഃപരിശോധന ചെയ്യുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കുസുമം ജോസഫ് : ഗസറ്റിൽ മാത്രം ഇതു പരസ്യം ചെയ്യുന്നതുകൊണ്ടു് ഗസറ്റ് കിട്ടാൻ പ്രത്യേക സൗകര്യമോ സൗഹചര്യമോ ഇല്ലാത്ത പലർക്കും ഇതു സംബന്ധിച്ചു് ശരിയായ ഇൻഫർമേഷൻ കിട്ടാൻ പ്രയാസമായതുകൊണ്ടു്, വയസ്സിളവു കഴിഞ്ഞവർക്കുപോലും ഇതുമൂലം വീണ്ടും അപേക്ഷിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെന്നുള്ള കാര്യം പരിഗണിച്ചു് ഇതു ഒന്നുകൂടി പരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ഗസറ്റിൽ മാത്രം പരസ്യം ചെയ്യുന്നുവെന്നു പറഞ്ഞതു ശരിയല്ല. ചില പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നുണ്ടു്. കുഴപ്പം ഉണ്ടാകാനുള്ള കാരണങ്ങളിൽ ഒന്നു്, ഗസറ്റിൽ മാത്രമേ ഇതിൻറെ ഫാറം കാണുകയുള്ളൂ; പത്രങ്ങളിൽ കാണുകയില്ല, എന്നതാണു്.

ശ്രീമതി കുസുമം ജോസഫ് : പത്രത്തിൽ വിശദവിവരം ഇല്ലാത്തതുകൊണ്ടാണു് സെൻറർ സ്സെസിഫൈ ചെയ്യ [രേഖപ്പെടുത്താത്തതെന്നുള്ള കാരണത്താൽ ഇതു പുനഃപരിശോധന ചെയ്യേണ്ടതല്ലേ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ആ കാര്യത്തെ പരിഗണിച്ചിട്ടാണല്ലോ തീയതി നീട്ടിയതു; അല്ലെങ്കിൽ തീയതി നീട്ടുമായിരുന്നില്ല.

ADJOURNMENT MOTIONS.

Sea Erosion in the State.

മി. സ്പീക്കർ : ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാരും, ശ്രീ. കെ. സി. ഏബ്രഹാമും ഓരോ അടിയന്തിരപ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുണ്ടു്. അവയിൽ ശ്രീ. കുഞ്ഞിരാമൻനമ്പ്യാരുടേതു രാജ്യത്തു പല പ്രദേശങ്ങളിലും ഉണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ചും ശ്രീ. ഏബ്രഹാമിൻറേതു് അങ്കമാലിയിൽ നടക്കുന്ന പോലീസു മർദ്ദനങ്ങളെക്കുറിച്ചും എടുത്തു കാണിക്കുന്നു. അവയുടെ കോപ്പി ബഹുമാനപ്പെട്ട പി. ഡബ്ലിയു. മിനിസ്റ്റർക്കും, ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പോലീസു മിനിസ്റ്റർക്കും കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഇതിനെ സംബന്ധിച്ചു ഫാക്ടറി ബഹുമാനപ്പെട്ട പി. ഡബ്ലിയു. മിനിസ്റ്റർക്കു പറയാനുള്ളതു പറയാം.

ശ്രീ. ടി. അബ്ദുൽമജീദ് : സർ, വലിയ മഴയുണ്ടായതിനുശേഷം, തീരപ്രദേശങ്ങളിൽ ചില ഭാഗത്തു്, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, നായരമ്പലം, തലയ്ക്കോരി, നീണ്ടകര എന്നീ സ്ഥലങ്ങളിൽ കടലേറ്റമായി കടലാക്രമണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇതറിഞ്ഞയുടൻതന്നെ അടിയന്തിരനടപടികൾ എടുക്കാൻ കളക്ടർമാർക്കും, എൻജിനിയറിംഗ് ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടു്. കടലിലകപ്പെട്ട നഷ്ടം ഉണ്ടാകുന്നവർക്കു അൻപതു രൂപവരെ കൊടുക്കാം എന്നൊരു തീരുമാനം മുൻപുതന്നെ ഗവണ്മെൻറ് എടുത്തിട്ടുണ്ടു്. കടലാക്രമണത്തെ ചെറുക്കുന്ന വിഷയത്തിൽ, അടിയന്തിരമായി ചെയ്യേണ്ട എല്ലാ നടപടികളും എടുക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ മണൽച്ചാക്കു് ഇട്ടു് തടയാൻ ശ്രമിക്കുന്നുണ്ടു്; പക്ഷേ, അതു് ഈ സമയത്തു് എത്രമാത്രം വിജയിക്കുമെന്നു നിശ്ചയമില്ല. വളരെ വേഗം എസ്റ്റിമേറു തയ്യാറാക്കി ഈ ഭാഗങ്ങളിൽ കടൽഭിത്തിയുണ്ടാക്കി, കടലാക്രമണത്തെ തടയാൻ വേണ്ട നടപടി സ്വീകരിക്കുണമെന്നു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിരിക്കുകയാണു്. അതുപോലെതന്നെ റിലീഫു് പ്രവർത്തനങ്ങളും അടിയന്തിരമായി ആരംഭിക്കുണമെന്നു കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്. ഈ വിധത്തിൽ, ഗവണ്മെൻറിനെ സംബന്ധിച്ചടത്തോളം അടിയന്തിരമായി ചെയ്യാവുന്ന കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണു്. ഇനിയും ഈ കാര്യത്തിൽ ശ്രദ്ധചെലുത്താമെന്നാണു് ഇപ്പോൾ പറയാനുള്ളതു്. അതുകൊണ്ടു് ഇവിടെ ഇതിനെപ്പറ്റി ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : സർ, കടലാക്രമണം മൂലം നാശനഷ്ടം കുടിലുകൾ പല ഭാഗത്തായി നശിച്ചിട്ടുണ്ടു്. എത്രയോ തെങ്ങുകൾ നഷ്ടപ്പെട്ടിട്ടുണ്ടു്. മലബാർഭാഗത്തു മാത്രമല്ല, തിരുവിതാംകൂർ-കൊച്ചി ഭാഗത്തും ഇതിൻറെ കെടുതികൾ ഉണ്ടായിട്ടുണ്ടു്. വളരെ സീരിയസായിട്ടുള്ള ഒരു കാര്യമാണിതു്. ഇതിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നു പറയുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല.

മി. സ്പീക്കർ : ഗവണ്മെൻറിൻറെയും, പൊതുജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ള നിലയിൽ ഇതൊരു അടിയന്തിരപ്രമേയമായി കൊണ്ടുവന്നതിനെ ആക്ഷേപിക്കുകയല്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു് ചെയ്യാവുന്ന എല്ലാ നടപടികളും എടുത്തിട്ടുണ്ടെന്നും, വേണ്ടത്ര ഗൗരവത്തോടുകൂടി ഈ കാര്യം ഗവണ്മെൻറു വീക്ഷിക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കിയ സ്ഥിതിക്കു്, ഇനിയും ഇതൊരു അടിയന്തിരപ്രമേയം എന്ന നിലയിൽ ചർച്ച ചെയ്യണമെന്നു വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റുമെൻറിൻറെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് അനുവാദം നിഷേധിക്കുകയാണു്.

ശ്രീ. കെ. സി. എബ്രഹാമിൻറെ അടിയന്തിരപ്രമേയത്തിനു് അസ്പദമായ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളതു പറയാം.

Police Excesses at Ankamali.

ശ്രീ. സി. അച്യുതമേനോൻ : സർ, ഈ കാര്യത്തെ സംബന്ധിച്ചുതന്നെ രണ്ടു ദിവസം മുൻപു് ശ്രീ. എം. എ. ആൻറണി രൂം 66 അനുസരിച്ചു് ഒരു നോട്ടീസു് നൽകിയിരുന്നു. അതേ കാര്യം തന്നെയാണിതിൽ പരാമർശിക്കുന്നതും. ഏതായാലും അതിനെപ്പറ്റി ഞാൻ പറയാം. ഇതിൽ പറയുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണു്. ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ശ്രീ. കെ. സി. എബ്രഹാം, രണ്ടു ദിവസം മുൻപു് ഫോണിൽ വിളിച്ചു് ഈ സംഗതി പറഞ്ഞു. ഞാൻ എറണാകുളം ഡി. എസ്. പി.യോടു വിവരം

LIBRARY ARCHIVES Kerala Legislative Assembly